ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

മെയ് 16, 2018

**വസന്ത്ദാദ നഗരി സഹകാരി ബാങ്ക്, ലിമിറ്റഡ് ഒസ്മാനാബാദ്, മഹാരാഷ്ട്ര- ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിരുന്ന ഡയറക്ഷന്റെ കാലാവധി ദീർഘിപ്പിച്ചിരിക്കുന്നു.**

1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 35A (1) വകുപ്പ് പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വസന്ത്ദാദ നഗരി സഹകാരി ബാങ്കിനെ 2017 നവംബർ 13ലെ പ്രവർത്തനം അവസാനിക്കുന്ന സമയം മുതൽ ആറ് മാസത്തേക്ക് പൊതുജന താല്പര്യാർത്ഥം ഡയറക്ഷന് കീഴിൽ നിലനിർത്തിയിരുന്നു. ഡയറക്ഷന്റെ കാലാവധി മെയ് 14, 2018 മുതൽ നവംബർ 13, 2018 വരെയുള്ള ആറുമാസ കാലയളവിലേക്ക് കൂടി ഭാരതീയ റിസർവ് ബാങ്ക് ദീർഘിപ്പിച്ചിരിക്കുന്നു. ഡയറക്ഷന് കീഴിൽ ബാങ്ക് പ്രവർത്തനം തുടരുമ്പോൾ നിക്ഷേപങ്ങളുടെ പിൻവലിക്കാവുന്ന/ നിക്ഷേപിക്കാവുന്ന തുകയിൽ ചില നിയന്ത്രണങ്ങളും പരിമിതികളും ഏർപ്പെടുത്തിയിട്ടുണ്ട്. ഡയറക്ഷന്റെ വിശദാംശങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്കിന്റെ പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്.

സാഹചര്യങ്ങൾക്കനുസരിച്ചു നിയന്ത്രണങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം റിസർവ് ബാങ്ക് പരിഗണിക്കുന്നതായിരിക്കും. ബാങ്കിനെ ഡയറക്ഷന് കീഴിൽ കൊണ്ട് വന്ന ഈ നടപടി കാരണം ബാങ്കിന്റെ ലൈസൻസ് റദ്ദു ചെയ്തു എന്ന് കരുതരുത്. ബാങ്കിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നത് വരെ നിയന്ത്രണങ്ങൾക്ക് വിധേയമായി ബാങ്കിടപാടുകൾ തുടർന്നും ബാങ്ക് നടത്തുന്നതാണ്.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന: 2016-2017/3007